മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 21

# വാർത്താക്കുറിപ്പ്

---

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി (എൻ.ഐ.പി.എസ്.ടി.), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസ് (ഐ.ഐ.ആർ.ബി.എസ്.) എന്നീ അന്തർ സ്കൂൾ പഠനകേന്ദ്രങ്ങളിലേക്ക് വിവിധ വിഷയങ്ങളിൽ താത്ക്കാലിക /കരാറടിസ്ഥാനത്തിൽ ഫാക്കൽറ്റി നിയമനം നടത്തുന്നു. നിയമന കാലാവധി 2022, ജൂൺ 15 മുതൽ 2023, ഏപ്രിൽ 15 വരെ ആയിരിക്കും. യോഗ്യത - ബന്ധപ്പെട്ട വിഷയങ്ങളിൽ കുറഞ്ഞത് 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദവും (എസ്.സി./ എസ്.റ്റി. വിഭാഗത്തിന് 50 ശതമാനം), യു.ജി.സി. / സി.എസ്.ഐ.ആർ. -എൻ.ഇ.റ്റി. യോഗ്യതയും. ജെ.ആർ.എഫ്. / പി.എച്ച്.ഡി. പേപ്പർ പബ്ലിക്കേഷൻ/ പ്രസന്റേഷൻ/ അദ്ധ്യാപനം എന്നിവയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണനയുണ്ടായിരിക്കും. നിർദ്ദിഷ്ഠ യു.ജി.സി. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രതിദിനം 1750 രൂപ നിരക്കിൽ (പരമാവധി പ്രതിമാസ തുക 43750 രൂപ) വേതനം ലഭിക്കും. പ്രായം ജനുവരി ഒന്നിന് 45 വയസ് കവിയരുത്. എൻ.ഐ.പി.എസ്.ടി. യിലെ ബോട്ടണി വിഭാഗത്തിൽ നിലവിലുള്ള തസ്തികയിലേക്ക് സർവ്വകലാശാല / കോളേജിൽ നിന്ന് വിരമിച്ച പ്രൊഫസർമാർക്കും അപേക്ഷിക്കാം. താൽപര്യമുള്ളവർ പ്രായം, ജാതി, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സഹിതമുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷ മെയ് 31 ന് വൈകിട്ട് 5 മണിക്ക് മുൻപായി ada7@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/623/2022)

## മാനേജർ - കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാല ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിൽ (ബി.ഐ.ഐ.സി.) ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ (ടി.ബി.ഐ.) മാനേജർ തസ്തികയിൽ ഒരു വർഷത്തേക്ക് താൽകാലിക / കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പൊതു വിഭാഗത്തിൽപെട്ടവർക്ക് അപേക്ഷിക്കാം. ലൈഫ് സയൻസിന്്റെ ഏതെങ്കിലും ശാഖയിൽ പി.എച്ച്.ഡി.യും അന്തർദേശീയ ജേർണലുകളിൽ കുറഞ്ഞത് മൂന്ന് പ്രസിദ്ധീകരണങ്ങളും ഇൻ കുബേഷൻ, സംരംഭകത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ

കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അല്ലെങ്കിൽ വിദേശത്ത് കുറഞ്ഞത് രണ്ട് വർഷത്തെ പോസ്റ്റ് ഡോക്ടറൽ പരിചയം, പ്രോജക്ട് / ഡി.പി.ആർ തയ്യാറാക്കുന്നതിലുള്ള പരിചയം എന്നിവയാണ് യോഗ്യത. പ്രായം 2022 ജനുവരി ഒന്നിന് 42 വയസ് കവിയരുത്. തെരഞ്ഞെടുക്കപ്പെടുന്നയാൾക്ക് സഞ്ചിതനിരക്കിൽ പ്രതിമാസം 35,000 രൂപ പ്രതിഫലം ലഭിക്കും. താൽപര്യമുള്ളവർ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയോടൊപ്പം പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം biicmgu2016@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ മെയ് 31 വൈകിട്ട് അഞ്ച് മണിക്ക് മുൻപായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/624/2022)

## പി.എച്ച്.ഡി. പ്രവേശനം: അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 2022 വർഷത്തിലെ പി.എച്ച്.ഡി. പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. മെയ് 25 മുതൽ ജൂൺ 10 വരെ https://phd.mgu.ac.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷകർ അപേക്ഷയുടെയും സമർപ്പിച്ച രേഖകളുടെയും പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാലയുടെ www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/625/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ